# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1226 — 02.03.2017 - ൽ മറുപടിയ്ക്ക്

## നൂറിൽ താഴെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉണ്ണി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് നൂറിൽ താഴെ കുട്ടികൾ പഠിക്കുന്ന എത്ര വിദ്യാലയങ്ങൾ ഉണ്ട്; എൽ.പി. / യു.പി., ഹൈസ്കൂൾ, എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങളിലെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ നൽകാമോ;

(എ) സംസ്ഥാനത്ത് നൂറിൽ താഴെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | വിദ്യാലയങ്ങളുടെ എണ്ണം | | | |
|---|---|---|---|---|
| | എൽ. പി. | യു.പി | എച്ച്. എസ്. | എച്ച്. എസ്. എസ്. |
| തിരുവനന്തപുരം | 252 | 56 | 20 | 29 |
| കൊല്ലം | 295 | 47 | 9 | 21 |
| പത്തനംതിട്ട | 355 | 88 | 26 | 35 |
| ആലപ്പുഴ | 299 | 70 | 14 | 20 |
| കോട്ടയം | 352 | 124 | 37 | 25 |
| ഇടുക്കി | 174 | 37 | 30 | 27 |
| എറണാകുളം | 309 | 103 | 28 | 48 |
| തൃശ്ശൂർ | 328 | 68 | 19 | 29 |
| പാലക്കാട് | 340 | 23 | 2 | 22 |
| മലപ്പുറം | 238 | 4 | 1 | 41 |
| കോഴിക്കോട് | 546 | 50 | 2 | 21 |
| വയനാട് | 82 | 6 | 5 | 13 |
| കണ്ണൂർ | 610 | 87 | 11 | 18 |
| കാസറഗോഡ് | 193 | 11 | 0 | 24 |
| ആകെ | 4373 | 774 | 204 | 373 |

(ബി) കുട്ടികൾ കുറവ് എന്ന പേരിൽ മാനേജ്മെന്റ് അടച്ചുപൂട്ടിയ ഏതെല്ലാം സ്കൂളുകൾ ഈ സർക്കാർ ഏറ്റെടുത്തു; വിശദാംശം ലഭ്യമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട് ജില്ലയിലെ പാലാട്ട് എ.യു.പി. സ്കൂൾ, തൃശ്ശൂർ ജില്ലയിലെ കിരാലൂർ പി.എം.എൽ.പി. സ്കൂൾ എന്നിവ ഏറ്റെടുക്കുന്നതിന് 27.07.2016 - ലെ സ.ഉ. (അച്ചടിച്ചത്) നം. 122/2016/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് അസാധാരണ ഗസറ്റ് നം. 1334/16 - ൽ എസ്.ആർ.ഒ. നം. 509/16 - ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| | |
|---|---|
| (സി) മാനേജ്മെന്റ് തർക്കത്തെ തുടർന്ന് പാലക്കാട് ജില്ലയിൽ ഏതെങ്കിലും ഹൈസ്കൂളിന്റെ നിയന്ത്രണം സർക്കാർ ജില്ലാ കളക്ടറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കാമോ; | (സി) പാലക്കാട് ജില്ലയിലെ എസ്.ജെ.എച്ച്.എസ്., പുതുക്കോട്, എ.എസ്.എം.എച്ച്.എസ്.എസ്., ആലത്തൂർ, എസ്.വി.എച്ച്.എസ്., എരുത്തേമ്പതി എന്നീ ഹൈസ്കൂളുകളുടെ നിയന്ത്രണം ജില്ലാ കലക്ടറിൽ നിക്ഷിപ്തമാണ്. |
| (ഡി) അത്തരത്തിൽപ്പെടുന്ന സ്കൂൾ, മാനേജ്മെന്റ് സ്കൂളുമല്ല സർക്കാർ സ്കൂളുമല്ല എന്ന അവസ്ഥയിൽ ശരിയായി അദ്ധ്യയനം നടത്തപ്പെടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്കൂളിന്റെ ഭൗതിക സാഹചര്യവും അക്കാദമിക നിലവാരവും ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) സ്കൂളുകളിൽ അദ്ധ്യയനം നല്ല രീതിയിൽ നടന്നുവരുന്നു. |

Rema.V

സെക്ഷൻ ഓഫീസർ